# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1529. **06-03-2017 ൽ മറുപടിയ്ക്ക്**

## ആറൻമുളയിലും മെത്രാൻ കായലിലും കൃഷി

**ചോദ്യം**
ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറൻമുളയിലും മെത്രാൻ കായലിലും പുതിയതായി കൃഷിയിറക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുൻകൈയെടുത്ത് നടത്തിയ നടപടികൾ വിശദമാക്കാമോ; | (എ) | ആറൻമുളയിലും മെത്രാൻ കായലിലും പുതിയതായി കൃഷിയിറക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുൻകൈയെടുത്ത് നടത്തിയ നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിനുപുറമേ ആറൻമുള പ്രദേശത്ത് ഉല്പാദിപ്പിച്ച നെല്ല് കുത്തി അരിയാക്കി 'ആറൻമുള റൈസ്' എന്ന ബ്രാൻഡിലും മെത്രാൻ കായലിൽ നിന്നുല്പാദിപ്പിച്ച നെല്ലിൽ നിന്നുള്ള അരി 'മെത്രാൻ റൈസ്' എന്ന പേരിലും വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ? | (ബി) | ആറൻമുള പാടശേഖരങ്ങളിൽ 56 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി കൃഷി വകുപ്പ് സമർപ്പിച്ച 153.76 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് 2016-17 വർഷം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 101 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ഇതിലേയ്ക്ക് ആദ്യ ഗഡുവായി 51.16 ലക്ഷം രൂപ കൃഷി വകുപ്പ് അനുവദിക്കുകയും നാളിതുവരെ 50.55 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>മെത്രാൻ കായൽ പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതി യിൽ 80 ലക്ഷം രൂപ 2016-17 വർഷം അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 26.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

എ). **ആറന്മുള:**

ആറന്മുള പ്രദേശത്ത് കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട കൃഷി വകുപ്പ് മുൻകൈയെടുത്ത് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

- 14.07.2016 - ൽ ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആദ്യ യോഗം നടത്തി.
- ആറന്മുള പുഞ്ചയിൽ കൃഷി പുനസ്ഥാപിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തി.
- 20.07.2016 - ൽ പന്തളത്ത് വച്ച് കാർഷിക വികസന കർഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചു കൂട്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി
- 01.08.2016 - ൽ ബഹു.കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ആറന്മുളയിലെ കർഷകരുടെയും, ജനപ്രതിനിധികളുടെയും, രാഷ്ട്രീയ പാർട്ടി നേതാക്കളുടെയും, കൃഷി ജലസേചനം, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും യോഗം കൂടി പുരോഗതി വിലയിരുത്തി.
- 11.08.2016 - ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന 277.35 ലക്ഷം രൂപയുടെ പദ്ധതി ഗവൺമെന്റിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചു
- കൃഷി വകുപ്പ് പദ്ധതികൾക്കായി 153.76 ലക്ഷം രൂപയുടെ പദ്ധതി ഗവൺമെന്റ് അംഗീകരിച്ചു നൽകി.
- 19.10.2016 - ന് കാർഷിക യന്ത്രോപകരണങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഗുണഭോക്തൃ സമിതികളെക്കൊണ്ട് ചെയ്യിക്കുന്നതിനും അതിലേയ്ക്കായി നിരക്ക് നിശ്ചയിക്കുന്നതിനുമായി ജില്ലാ കളക്ടർ, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി രൂപീകരിച്ച് പ്രഥമ യോഗം നടത്തി.
- പദ്ധതിയിൽ ഉൾപ്പെട്ട പാടശേഖരങ്ങളിലെ ചാലുകളുടെയും തോടുകളുടെയും അതിർത്തി നിർണ്ണയിക്കുന്നതിനായി ജില്ലാ കളക്ടർ കോഴഞ്ചേരി തഹസീൽദാരെ ചുമതലപ്പെടുത്തി.

- 22.09.2016 - ന് നിലമൊരുക്കൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ആറന്മുള പുഞ്ചയിൽ നിർവ്വഹിച്ച് ടി പ്രൊജക്റ്റ് തുടക്കം കുറിച്ചു.
- 20.10.2016 - ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി ചേർന്നു കാർഷിക യന്ത്രോപകരണങ്ങളുടെ റേറ്റ് നിശ്ചയിച്ചു.
- പദ്ധതി നടത്തിപ്പിനായി ബഹു. ജില്ലാ കളക്ടർ ചെയർമാനായും ബഹു. ആറന്മുള എം.എൽ.എ എക്സ് ഒഫിഷ്യോ അംഗമായും പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് (സർക്കാർ ഉത്തരവ് (സാ.ധാ) നം.885/16/കൃഷി/തിരുവനന്തപുരം) തീയതി 18.10.2016. പദ്ധതി നിർവ്വഹണത്തിനായി പന്തളം കരിമ്പ് ഫാമിലെ കൃഷി ഓഫീസറെ സ്പെഷ്യൽ ഓഫീസറായി കൃഷി ഡയറക്ടർ ചുമതലപ്പെടുത്തി.
- 29.10.2016 - ന് വിത ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.
- ടി പദ്ധതി പ്രകാരം 101 ഹെക്ടർ ആറന്മുള പുഞ്ചയിൽ കൃഷി ചെയ്തിട്ടുണ്ട്. നാളിതുവരെയായി 50.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
- മൈനർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ ആറന്മുള ലിഫ്റ്റ് ഇറിഗേഷൻ, മാലക്കര ലിഫ്റ്റ് ഇറിഗേഷൻ മുഖേന ടി കൃഷിയ്ക്ക് ജലസേചനം ലഭ്യമാക്കി.
- ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല എക്സിക്യൂട്ടീവ് കമ്മറ്റി പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.
- പദ്ധതിയുടെ കൊയ്ത്തുത്സവ ഉദ്ഘാടനം ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി 20.02.2017 - ന് മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ പുന്നയ്ക്കാട് പാടശേഖരത്തിൽ നിർവ്വഹിക്കുകയുണ്ടായി.
- കൊയ്ത്താരംഭിച്ച പുന്നയ്ക്കാട് പാടശേഖരത്തിലെ നെല്ല് ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് ശേഖരിച്ച് സംസ്കരിച്ച് ആറന്മുള ബ്രാൻഡ് അരിയാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടി പദ്ധതിയിൽ നാളിതു വരെ നിലമൊരുക്കൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 50.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്

ബി) **മെത്രാൻ കായൽ:**

8 വർഷം തരിശായി കിടന്ന മെത്രാൻ കായൽ പാടശേഖരത്തിൽ കൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടി 2016-17 പുഞ്ച സീസണിൽ ആരംഭിച്ചു. 404 ഏക്കർ വിസ്തൃതിയുള്ള പാടശേഖരത്തിൽ 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട് ഇതിൽ 24 ഏക്കർ സ്ഥലത്ത് ഭൂവുടമസ്ഥരായ കർഷകരും കമ്പനികളുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ബാക്കി സ്ഥലങ്ങളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിലുമാണ് കൃഷിയിറക്കിയിരിക്കുന്നത്. നെൽകൃഷി ആരംഭിക്കുന്നതിന് കമ്പനികൾക്ക് നോട്ടീസ് നൽകിയെങ്കിലും ക്രിയാത്മക പ്രതികരണം ഉണ്ടായില്ല. 17.06.2016 - ൽ ബഹു. കൃഷി വകുപ്പ് മന്ത്രി മെത്രാൻ കായൽ കൃഷി പുനരാരംഭിക്കുന്നത് സംബന്ധിച്ച് അവലോകന യോഗം നടത്തുകയും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 15.07.2016 ലെ സ:ഉ: (സാ.ധ)592/2016/കൃഷി, കൃഷി എൻ.സി.എ വകുപ്പ് ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ കളക്ടർ ചെയർമാനും ഏറ്റുമാനൂർ എം.എൽ.എ എക്സ് ഒഫീഷ്യോ അംഗവും പി.എ.ഒ, കോട്ടയം കൺവീനറുമായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനായി കുമരകം കൃഷി ഓഫീസറെ സ്പെഷ്യൽ ഓഫീസറായി കൃഷി ഡയറക്ടർ ചുമതലപ്പെടുത്തി. 2016 നവംബർ 10-ാം തീയതി ബഹു. കൃഷി വകുപ്പ് മന്ത്രി പദ്ധതി പ്രദേശത്ത് വിത്ത ഉദ്ഘാടനം നടത്തി. പദ്ധതിയ്ക്കായി പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ സഹായത്തോടെ 80 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാർ അംഗീകാരം നൽകി. കുമരകം കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ മെത്രാൻ കായൽ കർഷകരുടെ ഒരു പൊതു യോഗം വിളിക്കുകയും പാടശേഖരസമിതി രജിസ്റ്റർ ചെയ്യുകയും ചെയ്തു. കൃഷിയിടങ്ങളിലെ മണ്ണ് സാമ്പിൾ എടുത്ത് പരിശോധിച്ച് റിപ്പോർട്ട് നൽകി. ഭൂവുടമകളായ 24 ഏക്കർ കർഷകരുടെ നിലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നിലം ഒരുക്കി നൽകി. പാടശേഖരത്തിൽ 1500 കിലോഗ്രാം നെൽ വിത്ത് സൗജന്യമായി നല്കി. ഇടയ്ക്കുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശം പരിഹരിക്കുന്നതിന് വിത്ത് വീണ്ടും നല്കി. ആത്മ. ജില്ലാ പ്രത്യേക പരിപാടി

പ്രകാരം ഹെക്ടറിന് 30.000/- രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുകയും കർഷകരുടെ കൃഷിയിടങ്ങൾ വിള ഇൻഷുറൻസ് നടത്തുകയും ചെയ്തു. കർഷകരുടെ നെല്ല് സംഭരിക്കുന്നതിന് സപ്ലൈകോയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച 80 ലക്ഷം രൂപ ബില്ലു മാറി നൽകുന്നതിനുള്ള നടപടികൾ ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനിയർ സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ